# ക്നാനായ യാക്കോബായ ഭദ്രാസനം

എ.ഡി. 345 ൽ സെലൂക്യാ സ്റ്റെസിഫോണിലെ കാതോലിക്കോസിന്റെ അനുഗ്രഹാശിസ്സുകളോടെ, ക്നായിതൊമ്മന്റേയും ഉറഹായിലെ മാർ ജോസഫ് മെത്രാന്റേയും നേതൃത്വത്തിൽ മലങ്കരയിലേയ്ക്ക് പ്രേഷിത കുടിയേററം നടത്തിയ 7 ഇല്ലങ്ങളിൽപ്പെട്ട 72 കുടുംബക്കാർ തങ്ങളുടെ തനിമയും പാരമ്പര്യവും ഐക്യവും മാത്രമല്ല വിശ്വാസവും അഭംഗുരം കാത്തുപരിപാലിച്ചിരുന്നു. എന്നാൽ നിർഭാഗ്യവശാൽ പോർട്ടുഗീസ് മേധാവിത്വത്തിനെതിരേ 1653 ജനുവരി 3 ന് ഉണ്ടായ കൂനൻ കുരിശു സത്യവും തുടർന്നുള്ള ചരിത്രസംഭവങ്ങളും കേരളസഭയോടൊപ്പം തന്നെ ക്നാനായ സമുദായത്തിലും വിഭാഗീയതയ്ക്കും വിശ്വാസ വൈവിധ്യത്തിനും വഴിതെളിച്ചു. അങ്ങനെ ക്നാനായക്കാരിൽതന്നെ കത്തോലിക്കാസഭയിൽ നിലനില്ക്കുന്നവരും യാക്കോബായ വിശ്വാസം സ്വീകരിച്ചവരുമായി രണ്ടു വിഭാഗങ്ങൾ ഉണ്ടായി. എങ്കിലും ഒരേ മൊട്ടിൽ വിരിഞ്ഞ രണ്ടു പുഷ്പങ്ങൾപോലെ അവരണ്ടും തങ്ങളുടെ സാമുദായിക ഐക്യവും തനിമയും പാരമ്പര്യങ്ങളും നിലനിത്തിപ്പോരുന്നു മാത്രമല്ല തനതായ ഭദ്രാസനത്തിനും രൂപതയ്ക്കുമായി അവർ ശ്രമിക്കുകയും അങ്ങനെ സ്വസമുദായത്തിൽപ്പെട്ട അജപാലകന്മാരാൽ നയിക്കപ്പെടുകയും ചെയ്യുന്നു. ഇരു സമുദായങ്ങളുംതമ്മിൽ വിശ്വാസത്തിലും സഭാഭരണക്രമത്തിലും വൈവിധ്യമുണ്ടെങ്കിലും ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സഹകരിച്ചും ബന്ധപ്പെട്ടുമാണ് കഴിഞ്ഞുവരുന്നത്.

1653 ലെ കൂനൻ കുരിശു സത്യത്തിനു നേതൃത്വം കൊടുത്ത പ്രമുഖരിൽ ഒരാൾ കല്ലിശ്ശേരിപ്പള്ളി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരായിരുന്നു. ക്നാനായക്കാരനായ ഇദ്ദേഹത്തിന്റെ സ്വാധീനത്തിൽ കല്ലിശ്ശേരി പള്ളി ഇടവകക്കാർ മുഴുവനും കോട്ടയം വലിയ പള്ളിക്കാരിൽ ഒരു വിഭാഗവും ആകമാന സഭയിൽനിന്നു വിഘടിച്ചുനിന്ന ഗ്രൂപ്പിൽ ഉൾപ്പെട്ടിരുന്നു. ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ നടന്ന എഴുത്തുകുത്തുകളുടെ ഫലമായി 1665 ൽ യാക്കോബായ മെത്രാനായ മാർ ഗ്രിഗോറിയോസ് കേരളത്തിലെത്തി. അദ്ദേഹം പാശ്ചാത്യ സുറിയാനി (അന്തോക്യൻ) ആരാധനാക്രമവും യാക്കോബായ വിശ്വാസവും പുത്തൻകൂറുകാർ എന്നറിയപ്പെടുന്ന വിഘടിത വിഭാഗത്തിൽ പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. എങ്കിലും വിശ്വാസത്തിലും ആരാധനാനുഷ്ഠാനങ്ങളിലും ഇന്നത്തെ നിലപ്രാപിക്കുവാൻ ഒരു നൂററാണ്ടുകൂടി വേണ്ടി വന്നു. അങ്ങനെ പുത്തൻകൂറുകാർ യാക്കോബായക്കാരായി പരിണമിക്കുകയും പഴയകൂറുകാർ കത്തോലിക്കാ വിശ്വാസത്തിൽ നിലനില്ക്കുകയും ചെയ്തു.

ക്നാനായ യാക്കോബായ വിഭാഗത്തിനു് മേൽപ്പറഞ്ഞ രണ്ടു പള്ളികൾക്കു പുറമേ 1743ൽ റാന്നി സെൻറ്തോമസ് പള്ളികൂടി സ്ഥാപിതമായി. സമുദായാംഗങ്ങളുടെ ഐക്യത്തിനും കെട്ടുറപ്പിനും വേണ്ടി വ്യക്തമായ നേതൃത്വമോ, സഭാമേലദ്ധ്യക്ഷന്മാരോ ഇല്ലായിരുന്നുവെങ്കിലും വംശശുദ്ധിയും പാരമ്പര്യങ്ങളും പരിപാലിക്കുന്നതിൽ അംഗങ്ങൾ ഉത്സുകരായിരുന്നു.

## ക്നാനായ അസ്സോസിയേഷൻ

1882 മകരം 8–ാം തീയതി വെളിയനാട് മാർ സ്റ്റേഫാനോസ് ക്നാനായ പള്ളിയിൽ കൂടിയ 11 വൈദികരുടെ യോഗം ''മലങ്കര യാക്കോബായ സുറിയാനി ക്നാനായ കമ്മററി''യ്ക്കു രൂപംകൊടുത്തു. ഈ. എം. ഫിലിപ്പായിരുന്നു ആദ്യത്തെ സെക്രട്ടറി. സമുദായത്തിന്റെ ഐക്യത്തിനും ഉൽക്കർഷത്തിനുവേണ്ടി ഈ കമ്മററി തുടർച്ചയായി കൂടുകയും വളരെ പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. 1910 മെയ് മാസത്തിൽ കൂടിയ ക്നാനായ കമ്മററിയുടെ അഭ്യർത്ഥനപ്രകാരമാണ് ക്നാനായക്കാർക്കുവേണ്ടി ഒരു മെത്രാപ്പോലിത്തായെ വാഴിച്ചു കിട്ടിയത്. 1911 ജനുവരി 24ന് കല്ലിശ്ശേരി പള്ളിയിൽ കൂടിയ യോഗം ക്നാനായ കമ്മററിയ്ക്കുപകരം 'ക്നാനായ അസ്സോസിയേഷൻ' എന്ന പേരു സ്വീകരിച്ചു.

## മാർ സെവേരിയോസ് ഗീവർഗീസ്

മാർ ഇഗ്നേഷ്യസ് അബ്ദുള്ള പാത്രയർക്കിസ് രണ്ടാമൻ 1910 ൽ മലബാർ സന്ദർശിച്ചപ്പോൾ വടകരയിൽ വച്ച് ഫാ. ഗീവറുഗീസ് ഇടവഴിയ്ക്കലിനെ മാർ സെവേരിയോസ് ഗീവർഗീസ് എന്നപേരിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയുണ്ടായി. സമുദായത്തിലെ ഈ പ്രഥമ മെത്രാപ്പോലീത്താ തന്റെ ഭദ്രാസനത്തിന്റെയും സമുദായത്തിന്റെയും ഉന്നമനത്തിനു വളരെ ശ്രമങ്ങൾ ചെയ്യുകയുണ്ടായി. ചിങ്ങവനത്തു് അദ്ദേഹം സ്ഥലംവാങ്ങി മാർ എഫ്രേം സെമിനാരിയെന്നറിയപ്പെടുന്ന അതി മെത്രാസന മന്ദിരം നിർമ്മിക്കുകയുണ്ടായി. സഭയുടെയും പള്ളികളുടെയും സുഗമമായ ഭരണത്തിന് അദ്ദേഹം നിയമാവലികൾ ക്രോഡീകരിച്ചു. പള്ളികളും വൈദികരും വർദ്ധിച്ചു. വരുമാനത്തിനായി വാർഷിക വരിസംഖ്യാ സമ്പ്രദായം അദ്ദേഹം ഏർപ്പെടുത്തി. സാധുകുട്ടികളുടെ വിദ്യാഭ്യാസ സഹായത്തിനായി അദ്ദേഹം നീക്കിവച്ച പ

ണമാണ് പിൽക്കാലത്ത് മാർ സെവേരിയോസ് വിദ്യാഭ്യാസനിധിയായി രൂപാന്തരപ്പെട്ടത്. 17 വർഷത്തെ സഭാഭരണത്തിനുശേഷം അദ്ദേഹം 1927 ൽ കാലംചെയ്തു.

## തോമസ് മാർ ദീയസ്കോറസ്

സെവേരിയോസ് തിരുമേനിയുടെ പിൻഗാമിയായി വന്നത് തോമസ് മാർ ദീയസ്കോറസ് മെത്രാപ്പോലീത്തായാണ്. 1926-ൽ ഇഗ്നേഷ്യസ് ഏലിയാസ് തൃതീയൻ ബാവ ഇദ്ദേഹത്തെ ജറുസലേമിൽ വച്ച് സ്ഥാനാഭിഷേകം ചെയ്തു.

ഇദ്ദേഹത്തിൻെറ സഭാഭരണകാലത്ത് 1932 മകര മാസം 26-ാം തീയതി ഇഗ്നേഷ്യസ് ഏലിയാസ് തൃതീയൻ ബാവയിൽ നിന്നു കല്ലിശ്ശേരി പള്ളിയിൽ വച്ച് പ്രസിദ്ധമായ 42-ാം നമ്പർ കല്പന ലഭിക്കുകയുണ്ടായി. അതിൽ ഇപ്രകാരം പറയുന്നു: ''തുലാം 13 നം. 14നം. നീലംപേരൂർ പള്ളിയിൽ ചേർന്ന ക്നാനായ അസ്സോസിയേഷൻ പാസ്സാക്കിയ തീരുമാനപ്രകാരം നമ്മുടെ മുമ്പിൽ സമർപ്പിച്ച അപേക്ഷപ്രകാരവും നിങ്ങളുടെ സമുദായത്തിൻെറ വിശേഷാലുള്ള പ്രത്യേകതയും പാരമ്പര്യവും പരിഗണിച്ചും ക്നാനായ സമുദായം സ്വതന്ത്രഭരണത്തോടുകൂടി ഒരു രൂപതയായി നിലനിൽക്കാമെന്ന് നാം ഇതിനാൽ പ്രഖ്യാപിക്കുകയും ആവർത്തിച്ചു സ്ഥിരീകരിക്കുകയും ചെയ്യുന്നു. എല്ലാ ക്നാനായ പള്ളികളും ഇടവകാംഗങ്ങളും മറെറാരു രൂപതയിലും ചേരേണ്ടതില്ലെന്നും പ്രസ്തുത ക്നാനായ രൂപതയിലെ അംഗങ്ങളായി എക്കാലവും നിലനിൽക്കാമെന്നുംകൂടി നാം ആവർത്തിച്ചു സ്ഥിരീകരിക്കയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

''ക്നാനായ അസ്സോസിയേഷനാൽ തിരഞ്ഞെടുക്കപ്പെടുകയും പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്താൽ അംഗീകരിക്കപ്പെടുന്നതുമായ വ്യക്തി നിങ്ങളുടെ രൂപതയുടെ മെത്രാപ്പോലീത്തയായി അഭിഷിക്തനാവുകയും നിയമിക്കപ്പെടുകയും ചെയ്യും.

''മലങ്കര സഭയുടെ ഭരണഘടനയിലുള്ള വ്യവസ്ഥകൾ പരിഗണിക്കാതെ തന്നെ ക്നാനായ രൂപതയ്ക്ക് അതിൻെറ മെത്രാപ്പോലീത്തായെ പരിശുദ്ധ അന്ത്യോക്യാസിംഹാസനത്താൽ തിരഞ്ഞെടുക്കപ്പെടുന്നതിനും വാഴിക്കപ്പെടുന്നതിനും പൂർണ്ണ സ്വാതന്ത്ര്യവും തനതായ അവകാശവുമുണ്ടായിരിക്കും. പാരമ്പര്യത്തിനും നമ്മുടെ കാനോനായിൽ വ്യക്തമാക്കിയിട്ടുള്ള തത്ത്വങ്ങൾക്കും അനുസരിച്ചും, നേരിട്ടും എന്നാൽ പരിശുദ്ധ അന്തോക്യാ സിംഹാസനത്തിൻെറ പരമാധികാരത്തിനു വിധേയമായും അദ്ദേഹത്തിനു രൂപത ഭരിക്കാവുന്നതാണ്. ക്നാനായ അസ്സോസിയേഷൻെറ ഭരണഘടന എന്നെ വായിച്ചു കേൾപ്പിച്ചു. ആ വ്യവസ്ഥകൾ ശ്രവിച്ചതിൽ നാം അതീവ സന്തുഷ്ടനാണ്. അതു സംബന്ധിച്ച വ്യവസ്ഥകൾ നാം ഇതിനാൽ അംഗീകരിക്കുകയും ചെയ്യുന്നു''.

മാർ ദീയസ്കോറസ് തിരുമേനി 12 വർഷക്കാലം സഭാഭരണം നടത്തി. മാർ എപ്രേം സെമിനാരിയുടെ പണി പൂർത്തിയായത് ഇദ്ദേഹത്തിൻെറ കാലത്താണ്. കറിച്ചിയിലെ വിമൻസ് കോൺവെൻറും ഹൈസ്കൂളും റാന്നിയിലെ മാർ സെവേരിയോസ് ഹൈസ്കൂളും ചില പുതിയ പള്ളികളും ഇക്കാലത്തു സ്ഥാപിച്ചു.

തോമസ് മാർ ദീയസ്കോറസ് തിരുമേനി 1939 ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. 1943 ൽ ദിവംഗതനായ അദ്ദേഹം തിരുമൂലപുരം സെൻറ് മേരീസ് കത്തോലിക്കാ പള്ളിയിൽ കബറടക്കപ്പെട്ടു.



തോമസ് മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ (ഒററത്തെങ്ങുങ്കൽ, ചിങ്ങവനം). 1939 ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതുവരെ ക്നാനായ (യാക്കോബായ) ഭദ്രാസനാധിപനായിരുന്ന ഇദ്ദേഹം 1943 ൽ തിരുമൂലപുരത്ത് കബറടക്കപ്പെട്ടു.

## അഡ്മിനിസ്ട്രേററർ

മാർ ദീയസ്കോറസ് തിരുമേനിയുടെ പുനരൈക്യത്തോടുകൂടി ക്നാനായ യാക്കോബായ

ഭദ്രാസനം കുറേക്കാലത്തേയ്ക്ക് അഡ്മിനിസ്ട്രേററർ ഭരണത്തിൽ കഴിയേണ്ടിവന്നു. ക്നാനായ അസ്സോസിയേഷന്റെ അഭ്യർത്ഥന പ്രകാരം അന്തോക്യാപാത്രിയർക്കീസ്, താമരപ്പള്ളിൽ ഏബ്രഹാം കോർ എപ്പിസ്കോപ്പായെ സഭയുടെ അഡ്മിനിസ്ട്രേററായി നിയമിച്ചു. അദ്ദേഹം 1947 വരെ സഭാ ഭരണം നടത്തി. അദ്ദേഹത്തെ തുടർന്ന് 1951 വരെ പുരസ്ഥൽ പി. ജെ തോമസ് കോർ എപ്പിസ്കോപ്പയും പാത്രിയർക്കീസിന്റെ കല്പനപ്രകാരം അഡ്മിനിസ്ട്രേററായി സേവനമനുഷ്ഠിച്ചു.

## ഏബ്രാഹം മാർ ക്ലീമീസ്

ഇപ്പോൾ ഭദ്രാസനത്തെ നയിക്കുന്ന ഏബ്രാഹം മാർ ക്ലീമീസ് തിരുമേനിയെ സമുദായമെത്രാപ്പോലീത്തായായി അന്ത്യോക്യാപാത്രിയർക്കീസ് ഇഗ്നേഷ്യസ് എഫ്രേം ഒന്നാമൻ 1951 ൽ ഹോംസിൽ വച്ച് വാഴിച്ചു. അദ്ദേഹം ഭദ്രാസനത്തിന്റെ ഭരണം ഏറെറടുത്തതോടെ അഭൂതപൂർവ്വമായ പുരോഗതി ഭദ്രാസനത്തിനുണ്ടായി.



ക്നാനായ യാക്കോബായ സഭാദ്ധ്യക്ഷനായ ക്ലുബർനീത്തി ഹാക്കിമോ ഏബ്രഹാം മാർ ക്ളിമീസ് മെത്രാപ്പോലീത്താ

വൈദികരുടെയും പള്ളികളുടെയും സ്ഥാപനങ്ങളുടെയും എണ്ണം വർദ്ധിച്ചു. പഴയപള്ളികൾ പുതുക്കിപ്പണിയിച്ചു. ആദ്ധ്യാത്മിക നവീകരണവും ഭൗതിക നേട്ടവും വളരെയേറെയുണ്ടായി. വനിത കാംക്ഷ് സന്യാസസഭ, റാന്നി സെൻറ് തോമസ് കോളേജ്, നസ്രത്ത് ആശ്രമത്തിലെ അനാഥമന്ദിരം, കറിച്ചിയായിലെ വനിതാമന്ദിരം. റാന്നി ഇൻറസ്ട്രിയൽ ട്രെയിനിംഗ് സെൻറർ, കോട്ടയത്തെ കാനാത്തോമ്മാ വിമൻസ് ഹോസ്റ്റൽ, 50 ഏക്കർ വരുന്ന എദേസ്സാ റബ്ബർ എസ്റ്റേററ് തുടങ്ങിയവ തിരുമേനിയുടെ ഭരണകാലത്തെ നേട്ടങ്ങളിൽ ചിലതാണ്. സമുദായത്തിൽ ഇപ്പോൾ ഒരു 'എ' ഗ്രെയിഡ് കോളേജും, ഒരു ട്രെയിനിംഗ് സ്കൂളും, മൂന്നു ഹൈസ്കൂളുകൾ ഉൾപ്പെടെ ഏതാനും സ്കൂളുകളും 50 ൽ പരം പള്ളികളും 50 ഓളം വൈദികരും 13 കന്യാസ്ത്രീകളുമുണ്ട്.

സഭയുടെ ആകമാന ഭരണത്തിന്റെ രൂപരേഖ ഉൾക്കൊണ്ട 'മലങ്കര സുറിയാനി ക്നാനായ ഭരണഘടന' രൂപപ്പെടുത്തുകയും 1952 ജനുവരി 1 മുതൽ അതു നടപ്പിലാക്കുകയും ചെയ്തു. സമുദായത്തിന്റെ എല്ലാപള്ളികളും സ്വത്തുക്കളും നിയമപരമായും ഭരണഘടനാപരമായും സമുദായത്തിന്റെ സ്വത്താക്കി മാററാനുള്ള സുപ്രധാന തീരുമാനം കൈക്കൊണ്ടു. ചിങ്ങവനം സെമിനാരിയോടു ചേർന്ന സ്ഥലം വാങ്ങിക്കുകയും സെമിനാരി വിപുലമാക്കുകയും ചെയ്തു.

1957-ൽ ഹോംസിൽ വച്ച് ഇഗ്നേഷ്യസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായെ പാത്രിയാർക്കീസായി തിരഞ്ഞെടുത്ത സിനഡിലും തുടർന്നു നടന്ന സ്ഥാനാരോഹണത്തിലും അദ്ദേഹത്തിന്റെ അന്ത്യ ശുശ്രൂഷകളിലും ഇപ്പോഴത്തെ പാത്രിയാർക്കീസ് ഇഗ്നേഷ്യസ് സക്കാ പ്രഥമന്റെ തിരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും പ്രധാന എപ്പിസ്കോപ്പൽ സൂനഹദോസുകളിലും എബ്രാഹം മാർ ക്ലീമീസ് മെത്രാപ്പോലീത്താ പങ്കെടുത്തിട്ടുണ്ട്. പല പ്രാവശ്യം അദ്ദേഹം വിശുദ്ധ നഗരങ്ങൾ സന്ദർശിച്ച് ദിവ്യബലി അർപ്പിക്കുകയും വത്തിക്കാനിലെത്തി മാർപാപ്പായെ സന്ദർശിക്കുകയും അന്ത്യോക്യായിൽ ഔദ്യോഗിക സന്ദർശനം നടത്തുകയും മററു വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്.

മുൻ മന്ത്രിമാരായിരുന്ന പരേതനായ ശ്രീ. വി. ഒ. മർക്കോസ്, കെ. എ. മാത്യു, (ഇപ്പോൾ പി. എസ്. സി. അംഗം) ദീർഘകാലം എം. എൽ. എ. ആയിരുന്ന പരേതനായ വയലാ ഇടിക്കുള, സ്ക്കറിയാ തോമസ് എക്സ് എം. പി. എന്നിവർ രാഷ്ട്രീയ രംഗത്തു പ്രശോഭിച്ച സമുദായാംഗങ്ങളാണ്.